## 15 -ാം കേരള നിയമസഭ

## 12 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 297** — **07-10-2024 - ൽ മറുപടിയ്ക്ക്**

## സപ്ലൈക്കോയുടെ വിറ്റുവരവും ജീവനക്കാരുടെ വേതനവും

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മോൻസ് ജോസഫ് | | ശ്രീ ജി ആർ അനിൽ<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | സപ്ലൈകോയുടെ വിറ്റുവരവ് ഇപ്പോൾ മുൻ വർഷത്തെ അപേക്ഷിച്ച് എത്രയെന്ന് വ്യക്തമാക്കാമോ; സപ്ലൈകോയ്ക്ക് സാധനങ്ങൾ ലഭ്യമാക്കാൻ സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നത് എന്ന് വ്യക്തമാക്കാമോ; | (എ) | 2024-25 സാമ്പത്തിക വർഷം ഓഗസ്റ്റ് മാസം വരെ പ്രതിമാസ വിറ്റുവരവും (Pre-audited) മുൻവർഷത്തെ പ്രതിമാസ വിറ്റുവരവിന്റെ താരതമ്യവും അനുബന്ധം I ആയി ചേർക്കുന്നു. സപ്ലൈകോയുടെ ചില്ലറ വിൽപ്പനശാലകളിലൂടെയുള്ള വിൽപ്പന വിവരങ്ങളുടെ താരതമ്യം അനുബന്ധം II ആയി ചേർക്കുന്നു.<br><br>സപ്ലൈകോ അഭിമുഖീകരിക്കുന്ന കടുത്ത സാമ്പത്തിക പ്രതിസന്ധി മൂലം സബ്സിഡി ഉൾപ്പെടെയുള്ള ഉൽപന്നങ്ങൾ വാങ്ങുന്നതിൽ കുറവുണ്ടായിട്ടുള്ളതും, അപ്രകാരം വിൽപ്പന കുറഞ്ഞിട്ടുള്ളതുമാണ്.<br><br>സർക്കാരിൽ നിന്നും വിപണിയിടപെടലിനായി അനുവദിച്ച തുക കൊണ്ട് വിതരണക്കാരുടെ കുടിശ്ശിക ഒരു പരിധി വരെ കൊടുത്തു തീർക്കാനായതിനാൽ ടെണ്ടറുകളിൽ പങ്കെടുക്കാതെ വിട്ടു നിന്നിരുന്ന വിതരണക്കാർ ഓണത്തിനായി നടത്തിയ ടെണ്ടറുകളിൽ പങ്കെടുക്കുകയും ന്യായമായ വിലയ്ക്ക് അവശ്യ സാധനങ്ങൾ സപ്ലൈകോയുടെ ആവശ്യകതക്കനുസരിച്ചു വിതരണം നടത്തുകയും ചെയ്യുകയുണ്ടായി. ഇത്തരത്തിൽ ഓണക്കാലത്തും വിപണിയിടപെടലിനാവശ്യമായ എല്ലാ ഉത്പന്നങ്ങളും സപ്ലൈകോയുടെ എല്ലാ വില്പനശാലകളിലും ലഭ്യമാക്കാൻ കഴിഞ്ഞു . |
| (ബി) | ഈ സർക്കാർ എത്ര കോടി രൂപയാണ് സപ്ലൈകോയ്ക്ക് നൽകുവാനുള്ളത്; സാധനങ്ങൾ എത്തിച്ച വകയിൽ കരാറുകാർക്ക് എത്രമാസത്തെ കുടിശ്ശികയുണ്ട്; വ്യക്തമാക്കാമോ; | (ബി) | വിവിധ പദ്ധതികൾ നടപ്പാക്കിയ വകയിൽ സർക്കാരിന്റെ വിവിധ വകുപ്പുകളിൽ നിന്നുമായി **3,390.03** കോടി രൂപ സപ്ലൈകോയ്ക്ക് നല്കുവാനുണ്ട്. വിശദാംശങ്ങൾ അനുബന്ധം III ആയി ചേർക്കുന്നു. സപ്ലൈകോയിൽ സാധനങ്ങൾ എത്തിക്കുന്ന വകയിൽ വിതരണക്കാർക്ക് 2023 നവംബർ വരെയുള്ള കുടിശ്ശിക തുകകൾ കൊടുത്തു തീർക്കുവാൻ സാധിച്ചിട്ടുണ്ട്. 2024 വർഷത്തിൽ വിപണിയിടപെടലിനായി അനുവദിച്ച 100 കോടി |

| | | | |
|---|---|---|---|
| | | | രൂപയും, ഓണക്കാലത്ത് അനുവദിച്ച 150 കോടി രൂപയും വിതരണക്കാർക്ക് നൽകി (03.10.2024 കണക്കാക്കി) നിലവിൽ ആകെ 365.36 കോടി രൂപ കുടിശ്ശികയുണ്ട്. |
| (സി) | സപ്ലൈകോയിലെ പാക്കിംഗ്, ഡെയിലി വേജ് തൊഴിലാളികളുടെ കൂലി കൃത്യമായി വിതരണം ചെയ്തിട്ടുണ്ടോ; എത്രമാസത്തെ കൂലി കുടിശ്ശിക ഉണ്ട്; കുടിശ്ശിക ഉണ്ടെങ്കിൽ എന്നേക്ക് വിതരണം ചെയ്യും; വിശദമാക്കാമോ; | (സി) | സപ്ലൈകോയിൽ പാക്കിംഗ് ഡെയിലി വേജ് തൊഴിലാളികളുടെ കൂലി കൃത്യമായി വിതരണം ചെയ്തിട്ടുണ്ട്. ടി തൊഴിലാളികളുടെ കൂലി ഇനത്തിൽ കുടിശ്ശിക ഒന്നും തന്നെ ഇല്ല |
| (ഡി) | സപ്ലൈക്കോ എംപ്ലോയീസ് വെൽഫയർ സൊസൈറ്റി നിലവിലുണ്ടോ; മുൻകാല ജീവനക്കാരിൽ നിന്നും ഈടാക്കിയ തുക അവരിൽ പിരിഞ്ഞ് പോകുകയോ രാജിവച്ച് പോകുകയോ ചെയ്തവർക്ക് വിതരണം ചെയ്തിട്ടുണ്ടോ; ഇങ്ങനെ 2004 മുതൽ പിരിഞ്ഞ് പോയവർക്ക് അവർ അടച്ച തുക നൽകാത്തതിന് കാരണം വ്യക്തമാക്കാമോ; ഇത്തരത്തിൽ എത്ര തുക വിതരണം ചെയ്യാനുണ്ട് എന്ന് വ്യക്തമാക്കാമോ; ഇവരുടെ അടച്ച തുക വിതരണം ചെയ്യാൻ എന്ത് നടപടി സ്വീകരിക്കും എന്ന് വ്യക്തമാക്കാമോ? | (ഡി) | സപ്ലൈകോ എംപ്ലോയീസ് വെൽഫെയർ സൊസൈറ്റി നിലവിലില്ല. സപ്ലൈകോയുടെ സ്ഥിരം ജീവനക്കാർക്ക് സപ്ലൈകോ എംപ്ലോയീസ് വെൽഫെയർ ഫണ്ട് നിലവിലുണ്ട്. സപ്ലൈകോ എംപ്ലോയീസ് വെൽഫെയർ ഫണ്ടിൽ അംഗമായ സപ്ലൈകോ ജീവനക്കാർ പിരിഞ്ഞ് പോകുമ്പോഴോ, രാജി വയ്ക്കുകയോ ചെയ്യുമ്പോൾ അവരുടെ അപേക്ഷകൾ ലഭിക്കുന്നതനുസരിച്ച് ഫണ്ടിൽ നിന്നും തുക വിതരണം ചെയ്തിട്ടുണ്ട് . |

സെക്ഷൻ ഓഫീസർ

## അനുബന്ധം I

| വിറ്റുവരവ് ലക്ഷത്തിൽ | | |
|---|---|---|
| മാസം | 2023-24 | 2024-25 |
| April | 38,560.15/- | 21,160.93/- |
| May | 44,789.87/- | 24,808.13/- |
| June | 52,841.7/- | 21,926.23/- |
| July | 53,265.31/- | 25,221.98/- |
| August | 58,966.87/- | 22,245.29/- |
| ആകെ | 2,48,423.9/- | 1,15,362.55/- |

**അനുബന്ധം II**

| Month | 2023-24 (Financial Year) | 2024-25 (Financial Year) |
|---|---|---|
| April | 23,461.459 | 8451.42 |
| May | 24,653.33 | 9123.52 |
| June | 24,310.30 | 9235.27 |
| July | 22,489.44 | 8973.33 |
| August | 31,800.05 | 8507.43 |
| September | 15,704.12 | 16400.00 |
| Total | 1,42,418.69 | 60,690.96 |

**അനുബന്ധം III**

| Scheme | Amount (in Crore) | Department from which payment is to be received |
|---|---|---|
| State Incentive Bonus (Paddy Procurement) | 624.63 | Food & Civil Supplies Department |
| Out Turn Ratio Difference(Paddy Procurement) | 286.96 | “ |
| Cost of CMR-PDS Rice (Funds from Director of Civil Supplies) | 19.7 | “ |
| National Food Security Act2013-Transportation &Handling charges | 223.43 | “ |
| Market Intervention | 1966.55 | “ |
| PDS subsidy claim | 8.79 | “ |
| Loss on 2018 &2019 Flood | 66.3 | “ |
| Loss on Sub Depot Operations | 10.52 | “ |
| MDMS - Kit Transportation Charges | 125.58 | Department of Education |
| Guest Labour kit | 11.17 | Revenue /Labour Department |
| Fisherman Kit 2020&2021 | 16.08 | Fisheries Department |
| Quarantine Kit 2020 | 2.03 | LSGD/Disaster Manager |
| Community Kitchen during covid 19 | 5.45 | |
| Sim charges | 1.86 | Food & Civil Supplies Department |
| Paper roll charges | 2.58 | Food & Civil Supplies Department |
| Supplyco outlet revamping claim | 9.02 | Food & Civil Supplies Department |
| Sale of Medicine to other departments | 9.38 | |
| **TOTAL** | **3390.03** | |